**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3607** **02-03-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് ജെൻഡർ കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ ജെൻഡർ കോംപ്ലക്സ് നിർമ്മാണത്തിനായി 2022-23 -ലെ സംസ്ഥാന ബഡ്ജറ്റിൽ 8 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പ്രസ്തുത നിർമ്മാണം യാഥാർത്ഥ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സാമൂഹ്യനീതി വകുപ്പിനു കീഴിലെ ശീർഷകത്തിൽ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 400 ലക്ഷം രൂപ അടങ്കൽ തുകയിൽ ജെൻഡർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡി.പി.ആറും എസ്റ്റിമേറ്റും ലഭ്യമാക്കുവാൻ വനിത ശിശു വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കായുള്ള നടപടി സ്വീകരിക്കുന്നതാണ് |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ചുമതല ഏത് വകുപ്പിനാണെന്നത് സംബന്ധിച്ച് അവ്യക്തതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | 2019 ൽ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം എന്നിവ ഉൾപ്പെടുത്തി വനിത-ശിശു വികസന വകുപ്പ് രൂപീകരിക്കുകയും മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ ക്ഷേമം, മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും വകുപ്പ് വിഭജനം നടന്നിട്ടുള്ളതാണ്. വകുപ്പ് വിഭജനത്തിന് ശേഷം ജെൻഡർ കോംപ്ലക്സുകളുടെ നിർമ്മാണം വനിത ശിശു വികസന വകുപ്പിന്റെ ചുമതലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ബഡ്ജറ്റിൽ നിർദ്ദിഷ്ട പ്രോജക്ട് സാമൂഹ്യനീതി വകുപ്പ് നിർവ്വഹിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ വിഷയം നിലവിൽ സാമൂഹ്യനീതി വകുപ്പിലാണ് കൈകാര്യം ചെയ്തു വരുന്നത്. |
| (സി) | പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ; | (സി) | ജെൻഡർ കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റും, ഡി.പി.ആറും സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണം എന്നത്തേക്ക് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കുഞ്ഞുപറമ്പ് ജെൻഡർ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ ഇല്ല. ജെൻഡർ കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റും ഡി.പി.ആറും സഹിതം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ